## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2084. 19-06-2012 ന് മറുപടിക്ക്</u>

### കാട്ടാനകളുടെ കണക്കെടുപ്പ്

**ചോദ്യം**

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സി.പി. മുഹമ്മദ് :

**ഉത്തരം**

ശ്രീ. കെ.ബി. ഗണേഷ് കുമാർ.
(വനവും സ്പോർട്സും സിനിമയും
വകുപ്പ് മന്ത്രി )

എ) സംസ്ഥാനത്തെ കാട്ടാനകളുടെ കണക്കെടുപ്പ് നടത്താൻ തുടങ്ങിയിട്ടുണ്ടോ ;

എ) 2012- ലെ കേരളത്തിലെ കാട്ടാനകളുടെ കണക്കെടുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്.

ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

ബി) സംസ്ഥാനത്തെ വനമേഖല കളിൽ കാട്ടാനകളുടെ ഗണത്തിൽ സംഭവിക്കാവുന്ന വ്യതിയാനങ്ങളും അവയുടെ ഗണത്തിലെ പ്രത്യേകത കളും മനസ്സിലാക്കുവാനും, ആന പരിപാലനത്തിനായി നടത്തുന്ന ശാസ്ത്രീയ ഇടപെടലുകളുടെ ഫലപ്രാപ്തി, വിവിധ വനമേഖല കളിൽ ആനകളുടെ വിതരണം എന്നിവ മനസ്സിലാക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ ഭാവി യിൽ ആന പരിപാലന പ്രവർത്തന ങ്ങൾക്ക് ആവശ്യമായ സമീപന രീതി വിഭാവന ചെയ്യുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

| | |
|---|---|
| സി) ഏത് പദ്ധതി അനുസരിച്ചാണ് പ്രസ്തുത കണക്കെടുപ്പ് നടത്തുന്നത് ; | സി) പ്രോജക്ട് എലിഫന്റ് എന്ന കേന്ദ്രാവിഷ്കൃത പദ്ധതി അനുസരിച്ചാണ് കണക്കെടുപ്പ് നടത്തുന്നത്. |
| ഡി) ഇതിനായി എന്തെല്ലാം കേന്ദ്ര സഹായമാണ് ലഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ ? | ഡി) ഇതിനായി പ്രോജക്ട് എലിഫന്റ് എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൻ കീഴിൽ ആവശ്യമായ സാമ്പത്തിക, സാങ്കേതിക സഹായങ്ങൾ ലഭ്യമാകുന്നു. |

സെക്ഷൻ ഓഫീസർ